# KERALA WATER AUTHORITY

Email: phcircle.kochi@gmail.com
Phone: 0484 2360645

Office of the Superintending Engineer
Public Health Circle, Kochi, Kerala -682011

Draft #40 of File PHC/CHN/JJM/13573/2020 Vol -II Approved by PA to SE on 03-Apr-2023 03:11 PM - Page

## (ഹാജർ :സജീവ് രത്നാകരൻ )

## സൂപ്രണ്ടിംഗ് എൻജിനീയർ ,പബ്ലിക്ഹെൽത്ത് സർക്കിൾ ഓഫീസ് ,കൊച്ചി -11ന്റെ നടപടിക്രമം

*വിഷയം:*-JJM-Ernakulam District-Multi Village scheme-RWSS to Karukutty and Mookkannor panchayath-Replacement of 315mm PVC pipe to 300mm DI K (9) pipe, extension of pipe line providing FHTC and aliied works in Karukutty panchayath- പ്രവൃത്തി ലക്ഷ്യപ്രാപ്തിക്ക മുൻപേ റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

---

## കേരള വാട്ടർ അതോറിറ്റി

നമ്പർ: PHC/CHN/JJM/13573/2020 Vol -II തീയതി, , 03.04.2023

---

*സൂചന:-* 1) ഈ കാര്യാലയത്തിലെ കരാർ ഉടമ്പടി നമ്പർ 22 / 2020-21 / എസ് .ഇ / പി .എച്ച് .സി /സി .എച്ച്.എൻ തീയതി11.02.2021

2) ഈ കാര്യാലയത്തിലെ 05.10.2021 ,17.02.2022 , 07.06.2022 ,13.10.2022 &26.3.23 തീയതികളിലെ ഇതേ നമ്പർ നടപടിക്രമങ്ങൾ

3) 16.08.2022 തീയതിയിലെ കരാറുകാരൻ ശ്രീ.എം.വി. വിശ്വനാഥൻ മേച്ചേരിൽവീട്, എടയാർ, ബിനാനിപുരം പി.ഓ, ആലുവയുടെ കത്ത് നമ്പർ MVV/SE/PHD/CHN/*****

4) 17.01.2023 തീയതിയിലെ എക്സിക്യൂട്ടീവ് എൻജിനീയർ കേരള വാട്ടർ അതോറിറ്റി , പി.എച്ച് ഡിവിഷൻ, ആലുവയുടെ A1-J -13573/2020 നമ്പർ കത്ത്.

5)15-3-2023 ന് സൂപ്രണ്ടിംഗ് എൻജിനീയറുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ മിനുട്സ്

### ഉത്തരവ്

മേൽ സൂചന (1 ) പ്രകാരം എഗ്രിമെൻറ് വെച്ച് ശ്രീ വിശ്വനാഥൻ, മേച്ചേരിൽ വീട്, എടയാർ, ബിനാനിപുരം പി ഓ, ആലുവ എന്ന കരാറുകാരൻ ഏറ്റെടുത്തിരിക്കുന്ന മേൽ പ്രവർത്തിയുടെ കരാർ കാലാവധി 30/ 6/2021 ആയിരുന്നു. സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ സൂചന (2) പ്രകാരം 5 ഘട്ടങ്ങളിലായി 31/11/2022 വരെ പിഴ ഈടാക്കി നീട്ടി നൽകിയിട്ടുള്ളതാണ്.

ഈ കരാറിലെ പ്രധാന പ്രവർത്തികളായ 300 mm DI Pipe, 90mm & 110 mm PVC Pipe എന്നിവ സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നും അനുബന്ധ പ്രവർത്തികളായ കറുകുറ്റി മൂക്കന്നൂർ പമ്പ് ഹൗസുകളുടെ നവീകരണ പ്രവർത്തികളും പൂർത്തീകരിച്ചത് ആണെന്നും ഈ പ്രവർത്തിയിൽ 6411 നൽകേണ്ടിയിരുന്നതിൽ 4390 കണക്ഷൻ നൽകിയതായും ബാക്കിയുള്ള കണക്ഷൻ നൽകണമെങ്കിൽ ഇനിയും 8000 മീറ്റർ പൈപ്പ് അധികമായി സ്ഥാപിക്കേണ്ടതുണ്ടെന്നും ഈ അധികപ്രവർത്തി എഗ്രിമെൻറ് തുകയിൽ ചെയ്യാൻ തയ്യാറല്ലെന്നും കരാറുകാരൻ അറിയിച്ചതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ സൂചന (4)പ്രകാരം അറിയിച്ചിട്ടുണ്ട്.

സൂചന (3) പ്രകാരം ഈ പ്രവർത്തി ലക്ഷ്യപ്രാപ്തി ക്കു മുൻപേ റദ്ദ് ചെയ്യുന്നതിനായി കരാറുകാരൻ കത്ത് നൽകിയതിന്റെയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശുപാർശ കത്തും പരിഗണിച്ച് 15- 03-2023ന് ഈ കാര്യാലയത്തിൽ വച്ച് നടത്തിയ സൂചന (5 ) പ്രകാരമുള്ള മീറ്റിങ്ങിന്റെ അടിസ്ഥാനത്തിലും ഈ പ്രവർത്തി ലക്ഷ്യപ്രാപ്തിക്കു മുൻപേ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു. കൂടാതെ പ്രസ്തുതപ്രവർത്തിയിലുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും ഈ പ്രവർത്തിക്കുള്ള ഭരണാനുമതിയിലെ ബാക്കി തുക ഉപയോഗിച്ച് കറുകുറ്റി പഞ്ചായത്തിൽ ബാക്കി വരുന്നതായ മുഴുവൻ ഗാർഹിക കണക്ഷനുകളും നൽകുന്നതിനാവശ്യമായ അടങ്കൽ തയ്യാറാക്കി അനുമതിക്കായിഎത്രയും പെട്ടെന്ന് ഈ ഓഫീസിലേക്ക് നൽകുന്നതിന് എക്സിക്യൂട്ടീവ് എൻജിനീയർക്ക് നിർദ്ദേശം നൽകുന്നു

*(ഒപ്പ്)*

PA to SE

സ്വീകർത്താവ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, ആലുവ.

ഉത്തരവിന്റെ പകർപ്പ്

1. ശ്രീ. വിശ്വനാഥൻ, മേച്ചേരിൽവീട്, എടയാർ, ബിനാനിപുരം പി.ഓ, ആലുവ - .
2. അസി.എക്സിക്യൂട്ടീവ്

എഞ്ചിനിയർ, കേരള വാട്ടർ അതോറിറ്റി, ജെ.ജെ.എം സബ് ഡിവിഷൻ, ആലുവ.

Draft #40 of File PHC/CHN/JJM/13573/2020 Vol -II Approved by PA to SE on 03-Apr-2023 03:11 PM - Page 2

The document is digitally approved. Hence signature is not needed.